LIBRARY ARCHIVES Kerala Legislative Assembly

എച്ച്. ടി. വൈദ്യുതി കണക്ഷൻ ലഭിച്ച സഹകാരൃ പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം

78 [386] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശിക വരുത്തിയതിന്റെ പേരിൽ മാത്രം സംസ്ഥാനത്തെ ഏതെങ്കിലും സഹകാരൃ മേഖലയിലെ വൻകിട വ്യവസായ സ്ഥാപനത്തിന്റെ വൈദ്യുതി ബന്ധം ബോർഡ് വിച്ഛേദിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പുതുതായി പൊതുമേഖലയിൽ എത്ര വൻകിട വ്യവസായ സ്ഥാപനങ്ങൾക്ക് ബോർഡ് എച്ച്. ടി. വൈദ്യുതി കണക്ഷൻ നൽകുകയുണ്ടായി;

(ഡി) സഹകാരൃ മേഖലയിൽ എത്ര വൻകിട വ്യവസായ സ്ഥാപനങ്ങൾക്ക് എച്ച്. ടി. കണ്ക്ഷൻ നൽകുകയുണ്ടായി?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.†

(ബി) അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.††

(സി) 20 കണക്ഷൻ നൽകിയിട്ടുണ്ട്.

(ഡി) 2001 മേയ് മാസത്തിനു ശേഷം 151 വ്യവസായ സ്ഥാപനങ്ങൾക്ക് എച്ച്. ടി. കണക്ഷൻ നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് എൽ. എൻ. ജി. പദ്ധതി ലഭിക്കുന്നത് സംബന്ധിച്ച്

79 [387] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വൈദ്യുത പദ്ധതികളിൽ നിലവിൽ ഉപയോഗിക്കുന്ന ഇന്ധനത്തിന് പകരം എൽ. എൻ. ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കാൻ സാദ്ധ്യമാകുമെന്ന് വെളിപ്പെടുത്താമോ;

(ബി) ഡീസലിനോ, നാഫ്ത്തയിനോ പകരം എൽ. എൻ. ജി. ഉപയോഗിച്ച് വൈദ്യുതി ഉല്പാദനം നടത്തിയാൽ ഉല്പാദന ചെലവിൽ കുറവ് വരുമോ; വിശദമാക്കാമോ;

---

† അനുബന്ധം XI

†† അനുബന്ധം XI A

(സി) എൽ. എൻ. ജി. സംസ്ഥാനത്ത് എത്തിക്കുന്നതിന് 'പെട്രോനെറ്റ്'-ന് രൂപം നൽകിയത് ഏത് വർഷമായിരുന്നു; വൈപ്പിനിൽ പദ്ധതി സ്ഥാപിക്കാൻ തീരുമാനം കൈക്കൊണ്ടത് ഏത് വർഷത്തിലായിരുന്നു;

(ഡി) ഇന്നത്തെ നിലയിൽ എൽ. എൻ. ജി. പദ്ധതിയുടെ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കി, സംസ്ഥാനത്ത് എൽ. എൻ. ജി. ലഭ്യമാക്കാൻ സാദ്ധ്യമാകും?

ഉത്തരം

(എ) കായംകുളം (എൻ. റ്റി. പി. സി.) (359 മെഗാ വാട്ട്), ബി.എസ്.ഇ.എസ്., കൊച്ചി (157 മെഗാ വാട്ട്) എന്നീ വൈദ്യുത പദ്ധതികളിൽ നിലവിൽ ഉപയോഗിക്കുന്ന ഇന്ധനത്തിന് പകരം എൽ. എൻ. ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കാൻ സാധിക്കും.

ബ്രഹ്മപുരം ഡീസൽ പ്ലാന്റ് (108 മെഗാ വാട്ട്), കോഴിക്കോട് ഡീസൽ പ്ലാന്റ് (128 മെഗാ വാട്ട്), കെ. പി. സി. എൽ., കാസർഗോഡ് (20 മെഗാ വാട്ട്) എന്നീ പദ്ധതികളിൽ നിലവിലുള്ള യന്ത്രസാമഗ്രികളിൽ മാറ്റം വരുത്തി എൽ. എൻ. ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കാം.

(ബി) ഡീസലിന്റെയും നാഫ്ത്തയുടെയുംവിലയേക്കാൾ കുറഞ്ഞ നിരക്കിൽ എൽ. എൻ. ജി. ലഭ്യമായാൽ വൈദ്യുതി ഉല്പാദന ചെലവിൽ കുറവുവരും.

(സി) പെട്രോനെറ്റ് എൽ. എൻ. ജി. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം ബി. പി. സി. എൽ., ഐ. ഒ. സി., ഗെയിൽ (GAIL), ഒ. എൻ. ജി. സി. എന്നീ സ്ഥാപനങ്ങൾ മുഖ്യ പ്രൊമോട്ടർമാരായി 1998 ഏപ്രിലിൽ ആണ് ആരംഭിച്ചത്. പെട്രോനെറ്റ് എൽ. എൻ. ജി-ക്ക് കൊച്ചി ടെർമിനൽ സ്ഥാപിക്കുന്നതിന് വർഷങ്ങളായി താല്പര്യം ഉണ്ടായിരുന്നെങ്കിലും അവരുടെ ബോർഡ് ഈ പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് തീരുമാനിച്ചത് 2004 ഒക്ടോബർ മാസത്തിൽ മാത്രമാണ്.

(ഡി) 2009 ഡിസംബറിൽ ഈ പദ്ധതി പൂർത്തിയാക്കാനാവുമെന്ന് പെട്രോനെറ്റ് എൽ. എൻ. ജി. പ്രതീക്ഷിക്കുന്നു.

വൈദ്യുതി ബോർഡിന്റെ ബാദ്ധ്യതയും വരുമാനക്കമ്മിയും

80 [388] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരം ബോർഡിന്റെ ബാദ്ധ്യതകൾ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര കോടി രൂപ വീതമാണെന്ന് വിശദമാക്കുമോ; എൻ. ടി. പി. സി.-യുടെ ബാദ്ധ്യത മാത്രം എത്ര കോടി രൂപയാണ്;

LIBRARY ARCHIVES Kerala Legislative Assembly